I/154524/2023

ഫയൽ നം :C1/18/2023-TC തിയതി : 09-10-2023

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

സർക്കുലർ നം 16/2023

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഡ്രൈവിംഗ് സ്കൂളുകളിലെ ഉടമസ്ഥരുടെ അല്ലെങ്കിൽ ഇൻസ്ട്രക്ടർമാരുടെ യോഗ്യത സംബന്ധിച്ച ഉത്തരവ് — പുറപ്പെടുവിക്കുന്നത്

സൂചന :- 1. കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24(3)(viii)
2. സർക്കാരിന്റെ 14.09.2023 തീയതിയിലെ G.O(Rt) No. 376/2023 /Trans നമ്പർ ഉത്തരവ്.

ഡ്രൈവിംഗ് സ്കൂളുകളിൽ സൂചന (1) പ്രകാരം യോഗ്യത ഉള്ള ഒരു ഇൻസ്ട്രക്ടർ ഉണ്ടായിരിക്കണം എന്നാണ് നിഷ്കർഷിക്കുന്നത് .എന്നാൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ പരിശോധനകളിൽ ചില ഡ്രൈവിംഗ് സ്കൂളുകളിൽ നിയമത്തിൽ അനുശാസിക്കുന്ന വിധം യോഗ്യത ഉള്ള ഡ്രൈവിംഗ് ഇൻസ്ട്രക്ടർ ഉണ്ടെങ്കിലും അവരിൽ പരിശീലകൻ എന്ന നിലയിൽ ശാസ്ത്രീയമായ ഡ്രൈവിംഗ് പരിശീലനത്തിലോ അടിസ്ഥാന നിയമങ്ങളിലോ റോഡ് സുരക്ഷയിലോ അവഗാഹമേ ഇല്ലാതെയാണ് പരിശീലനം നൽകിവരുന്നത് എന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇത് റോഡ് സുരക്ഷയെ പ്രതികൂലമായി ബാധിക്കുന്നതോടൊപ്പം റോഡ് അപകടങ്ങളിൽ കാര്യമായ കുറവ് വരുത്തുവാൻ സാധിക്കുന്നില്ല എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്ക് അടിസ്ഥാനപരമായി മനസ്സിലാക്കിയിരിക്കേണ്ടതും പരിശീലനത്തിന് പ്രാപ്തരാക്കാവുന്നതുമായ ഒരു കോഴ്സിന് സൂചന 2 പ്രകാരം സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ കോഴ്സിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടം 24 (3) (viii) പ്രകാരം ഒരു മോട്ടോർ ഡ്രൈവിങ്ങ് സ്കൂൾ ഇൻസ്ട്രക്ടർക്ക് വേണ്ട അടിസ്ഥാന യോഗ്യതയായ മോട്ടോർ മെക്കാനിക് സിലബസിന് പുറമേ ഡ്രൈവിങ്ങ് സ്കൂൾ ഇൻസ്ട്രക്ടർ അടിസ്ഥാനപരമായി അറിഞ്ഞിരിക്കേണ്ട മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രായോഗിക പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ആയതിനാൽ മോട്ടോർ ഡ്രൈവിങ്ങ് സ്കൂളുകളിൽ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24(3) (viii)-ൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് പുറമെ സംസ്ഥന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള IDTR-ൽ സൂചന(2) പ്രകാരം സർക്കാർ അംഗീകരിച്ച് നൽകിയ കോഴ്സും കൂടി വിജയകരമായി പൂർത്തിയാക്കുന്നവരെ മാത്രമേ ഇൻസ്ട്രക്ടർമാരായി അംഗീകരിക്കാൻ പാടുള്ളൂ എന്ന് ഇതിനാൽ നിർദ്ദേശം നൽകുന്നു.

പുതുതായി ഡ്രൈവിങ്ങ് സ്കൂൾ ലൈസൻസ് ലഭിക്കുന്നതിന് അപേക്ഷ

സമർപ്പിക്കുന്നവരിൽ ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നവർക്ക് IDTR-ൽ നിന്നുള്ള മേൽ പറഞ്ഞ സർട്ടിഫിക്കറ്റ് കൂടി ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നിലവിലുള്ള ഡ്രൈവിങ്ങ് സ്കൂളുകളിൽ ഇൻസ്ട്രക്ടർമാരായി നിയോഗിക്കപ്പെട്ടിട്ടുള്ളവർ ഒരു വർഷത്തിനകം IDTR-ൽ നിന്ന് training പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

Signed by
S Sreejith I P S
Date: 09-10-2023 18:13:13

S SREEJITH I P S
TRANSPORT COMMISSIONER

പകർപ്പ്, എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും (എൻഫോഴ്സ്മെന്റ്)
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും